"ഭരണഭാഷ- മാതൃഭാഷ"

## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5682 — 02.07.2019 ൽ മറുപടിയ്ക്ക്

### നെല്ലിയാംപതി എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിന് നടപടി

| | ചോദ്യം<br>**ശ്രീ.റോജി എം. ജോൺ** | | മറുപടി<br>**അഡ്വ. കെ . രാജു**<br>**(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)** |
|---|---|---|---|
| (എ) | നെല്ലിയാംപതിയിൽ പാട്ടക്കരാർ വ്യവസ്ഥ ലംഘിച്ച, രണ്ടായിരം ഏക്കർ വരുന്ന ഏഴ് എസ്റ്റേറ്റുകൾ ഏറ്റെടുക്കുമെന്ന സർക്കാരിന്റെ പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | നടപ്പിലാക്കുന്നതിന് സാധിച്ചിട്ടില്ല. നെല്ലിയാമ്പതിയിൽ പാട്ടകരാർ വ്യവസ്ഥ ലംഘിച്ച രാജാക്കാട്, മോങ്ക്‌വുഡ്, ചെറുനെല്ലി, കാരപ്പാറ (എ), കാരപ്പാറ (ബി), അലക്സാണ്ട്രിയ, ബ്രൂക്ക്‌ലാന്റ് എന്നീ ഏഴ് എസ്റ്റേറ്റുകളുടെ പാട്ടക്കരാർ റദ്ദ് ചെയ്തിട്ടുള്ളതും ആയത് ഏറ്റെടുക്കുവാൻ ഉത്തരവായിട്ടുള്ളതുമാണ്. എന്നാൽ, പാട്ടക്കരാർ റദ്ദ് ചെയ്തതിനെതിരെ എസ്റ്റേറ്റ് ഉടമകൾ ബഹു. കേരള ഹൈക്കോടതിയിൽ കേസുകൾ ഫയൽ ചെയ്യുകയും ടി കേസുകളിൽ ബഹു. ഹൈക്കോടതി 'സ്റ്റേ' ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. എസ്റ്റേറ്റുകാർ ഫയൽ ചെയ്ത കേസുകൾ താഴെ കൊടുക്കുന്നു.<br><br>1. രാജാക്കാട് - WP(C) 8904/12, 9013/12, 10248/12<br>2. മോങ്ക് വുഡ് -WP(C) 10120/12, 10122/12, 10124/12<br>3. ഷെർനെല്ലി -WP(C) 15128/12, 16128/12, 16716/12, 16597/12, 16134/12<br>4. കാരപ്പാറ - A - WP(C) 23984/13<br>5. കാരപ്പാറ - B (Kairali) - WP(C)23958/13<br>6. അലക്സാണ്ട്രിയ A & B - WP(C) 22988/14, 23386/14, 23007/14, 23643/14<br>7. ബ്രൂക്ക് ലാന്റ് - WP(C) 22920/14<br><br>മേൽ കേസുകളും സ്റ്റേകളും നിലവിലുള്ളതിനാലാണ് ടി എസ്റ്റേറ്റുകൾ ഏറ്റെടുക്കുവാൻ കഴിയാത്തത്. |

| | | | |
|---|---|---|---|
| (ബി) | ഇതുസംബന്ധിച്ച് എന്തെങ്കിലും നിയമോപദേശം തേടിയിട്ടുണ്ടോ; എങ്കിൽ ലഭിച്ച നിയമോപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) | നിയമോപദേശങ്ങൾ തേടിയിട്ടില്ല. നെല്ലിയാമ്പതിയിൽ പാട്ടകരാർ വ്യവസ്ഥ ലംഘിച്ച ഏഴ് എസ്റ്റേറ്റുകളുടെ പാട്ടക്കരാർ റദ്ദ് ചെയ്ത ഉത്തരവിനെതിരെ എസ്റ്റേറ്റ് ഉടമകൾ ഫയൽ ചെയ്ത കേസുകൾക്ക് ബഹു. ഹൈക്കോടതി 'സ്റ്റേ' ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി കേസുകളിൽ 'സ്റ്റേ' ഒഴിവാക്കി കിട്ടാനും, 'Early posting' നടത്തുന്നതിനും അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ നിന്നും ഹർജി ഫയൽ ചെയ്തിട്ടുണ്ട്. ബഹു. ഹൈക്കോടതിയിൽ ടി കേസുകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ മറ്റ് നിയമോപദേശങ്ങൾക്ക് പ്രസക്തിയില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ